കെ2 /34498/2018/കോ.വി.വ

കോളജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 13.02.2019

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - പ്രതിമാസ ഡി.സി.ബി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 24.07.2018-ലെ നമ്പർ 885627/ആർ.എം.സി2/2018/ധന നമ്പർ സർക്കാർ കത്ത്

---------

പ്രതിമാസ ഡി.സി.ബി സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ ഈ വകുപ്പിന് കീഴിലെ ഭൂരിഭാഗം സ്ഥാപനമേധാവികളും വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം വകുപ്പുമായി ബന്ധപ്പെട്ട പ്രതിമാസ വരുമാനം ബഹുമാനപ്പെട്ട സർക്കാരിനെ അറിയിക്കുന്നതിന് സാധിക്കുന്നില്ല. കൂടാതെ വരുമാനവുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യങ്ങൾക്കും മറുപടി നൽകാൻ സാധിക്കുന്നില്ല. സർക്കാരിലേയ്ക്ക് പ്രതിമാസ ഡി.സി.ബി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാൻ സാധിക്കാത്തതിനാൽ സർക്കാരിന് പ്രതിമാസ അവലോകനം നടത്തുന്നതിനും, അധിക വിഭവ സമാഹരണത്തിനുതകുന്ന വകുപ്പുതല നടപടികൾ സ്വീകരിക്കാനും കഴിയുന്നില്ല. ആയതിനാൽ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ മേധാവിമാർ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രതിമാസ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തൊട്ടടുത്ത മാസം 15-ാം തീയതിക്കകം ലഭ്യമാക്കേണ്ടതാണ്.
2. ഓരോ വർഷത്തെയും പ്രതീക്ഷിത വരുമാനം ജൂൺ മാസം 30-ന് മുമ്പായി ലഭ്യമാക്കേണ്ടതാണ് (ആകെ വിദ്യാർത്ഥികളിൽ നിന്നും ലഭിക്കേണ്ട ഫീസ്, ലാബ്, ലൈബ്രറി, കലണ്ടർ ഫീ എന്നിവ).
3. പ്രതിമാസം ഡി.സി.ബി തയ്യാറാക്കി ഡയറക്ടറേറ്റലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട് എന്ന് സ്ഥാപനമേധാവി ഉറപ്പ്വരുത്തേണ്ടതാണ്.
4. നിലവിൽ ഡി.സി.ബി തയ്യാറാക്കി ലഭ്യമാക്കാത്ത സ്ഥാപനങ്ങൾ മൂന്ന് മാസത്തിനകം ബാലൻസ് നിൽക്കുന്ന കാലയളവിലെ ഡി.സി.ബി തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്/-)
ജയശ്രീ.എം.എ
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

1. എല്ലാ ഡെപ്യൂട്ടിഡയറക്ടർ/പ്രിൻസിപ്പാൾ/വാർഡൻ
2. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. നടപ്പുഫയൽ

//അംഗീകാരത്തോടെ//
Prema.B
സൂപ്രണ്ട്

എസ്.ആർ/14.02.2019